DESPATCHED
On..27/11/21....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 1393 (3)/2021/എസ്.ഐ.സി.

തീർപ്പ് കൽപ്പിച്ച് കൊണ്ടുള്ള നടപടി ക്രമം

തീയതി - 12.11.2021

സന്നിഹിതൻ

**ശ്രീ.എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. പ്രഭാകരൻ ,
സെക്രട്ടറി, സ്വാശ്രയ,
മട്ടാഞ്ചേരി, കൊച്ചി- 682 002 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്,
മട്ടാഞ്ചേരി, കൊച്ചി.
2. അപ്പീൽ അധികാരി & തഹസിൽദാർ(ഭൂരേഖ)
കൊച്ചി } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01.08.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 26.08.2021 |
| ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് സമർപ്പിച്ച തീയതി | 23.09.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 24.09.2021 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 27.09.2021 |

## ഉത്തരവ്

12-11-2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജി, ഇരു കൂട്ടരുടെയും മൊഴികളും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച്, അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. ഈ അപ്പീൽ ഹർജിയ്ക്കാധാരമായ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 34 രൂപ ഫീസ് അടച്ച് ശേഖരിയ്ക്കേണ്ടതാണെന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ (എസ്.പി.ഐ.ഒ) മറുപടിയിൽ അതൃപ്തി

രേഖപ്പെടുത്തികൊണ്ടാണ് ശ്രീ കെ. പ്രഭാകരൻ ഈ അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

3. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് (രേഖകൾ, പകർപ്പ്) നിയമാനുസൃതം അടയ്ക്കേണ്ട ഫീസ് എത്രയാണെന്നും അത് ഓരോ പേജിനും എത്ര രൂപ വച്ച് ആണെന്നും വ്യക്തമാക്കേണ്ടതായിട്ടുണ്ട്. അപ്രകാരം വ്യക്തമാക്കാതെ 34 രൂപ അടയ്ക്കണമെന്ന നിർദ്ദേശത്തോടാണ് ഹർജിക്കാരൻ എതിർപ്പ് രേഖപ്പെടുത്തിയത്. 17 പേജുകളിലായിട്ടുള്ള വിവരങ്ങൾ ആണ് പേജൊന്നിന് രണ്ടു രൂപ നിരക്കിൽ 34 രൂപ അടയ്ക്കുവാൻ നിർദ്ദേശിച്ചത് എന്ന എസ്.പി.ഐ.ഒ യുടെ വിശദീകരണം അംഗീകരിച്ചുകൊണ്ട് ഫീസ് അടച്ച് വിവരങ്ങൾ ശേഖരിച്ചു കൊള്ളാം എന്ന ഹർജിക്കാരന്റെ അഭിപ്രായം അംഗീകരിച്ചു കൊണ്ട്, ഈ അപ്പീൽ ഹർജി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**
PM

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM